**പള്ളിക്കൂദാശാക്കാലം രണ്ടാം ഞായർ**

**മത്താ. 12:1-13**

## നാം കാണുന്നതെന്ത്?

**റവ.ഡോ. ജേക്കബ് ചാണിക്കുഴി**

ഫരിസേയരുടെ ദൃഷ്ടിയിൽ അപരാധികളായവരെ, ഇന്നത്തെ സുവിശേഷത്തിൽ യേശു നിരപരാധികളായി പ്രഖ്യാപിക്കുന്നു. സാബത്തു ദിവസം കതിർ പറിച്ചു തിന്നുന്നതു നിയമലംഘനമാണ്. യേശുവിന്റെ ശിഷ്യന്മാർ നടത്തുന്ന പ്രസ്തുത നിയമലംഘനമാണ് ഫരിസേയരെ പ്രകോപിപ്പിച്ചത്. നിയമാനുഷ്ഠാനത്തിലൂടെ ദൈവത്തെ പ്രീതിപ്പെടുത്തുകയും നിയമാനുഷ്ഠാനത്തിലൂടെ എല്ലാവരും ദൈവത്തെ പ്രീതിപ്പെടുത്തണമെന്ന് ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്തിരുന്ന ഫരിസേയരിൽ ശിഷ്യരുടെ പ്രവൃത്തി ഈർഷ്യ ഉണ്ടാക്കിയതിൽ അദ്ഭുതമില്ല. എന്നാൽ ഫരിസേയർ കാണാത്ത മറ്റൊരു കാര്യം യേശു കണ്ടു. ഫരിസേയർ ശിഷ്യരുടെ ഭാഗത്തെ നിയമലംഘനം/തെറ്റ് മാത്രം കണ്ടപ്പോൾ ശിഷ്യരെ കതിർ പറിച്ചു തിന്നാൻ പ്രേരിപ്പിച്ച സാഹചര്യവും കൂടി യേശു കണ്ടു. ദൈവത്തോടുള്ള സ്നേഹക്കുറവോ ദൈവപ്രമാണങ്ങളോടുള്ള പുച്ഛമോ അല്ല, പ്രത്യുത ശിഷ്യർ അനുഭവിച്ച വിശപ്പും തളർച്ചയും ഇല്ലായ്മയുമാണ് അപ്രകാരമൊരു പ്രവൃത്തിക്ക് അവരെ പ്രേരിപ്പിച്ചത് എന്ന് യേശു തിരിച്ചറിയുന്നു. അതുകൊണ്ടുതന്നെ തന്റെ ശിഷ്യരെ തെറ്റുകാരായി മുദ്ര കുത്തുന്നതിന് യേശു വിസമ്മതിക്കുന്നു.

To understand all is to forgive all എന്നു പറയാറുണ്ട്. മറ്റുള്ളവരുടെ ഭാഗത്ത് ഒരു വീഴ്ചയുണ്ടായതായി നാം കാണുമ്പോൾ എന്തുകൊണ്ടായിരിക്കാം അങ്ങനെ സംഭവിച്ചതെന്നു നാം മനസ്സിലാക്കാൻ ശ്രമിച്ചാൽ അവരോടു ക്ഷമിക്കാനും ദാക്ഷിണ്യപൂർവം പെരുമാറാനും കൂടുതൽ എളുപ്പമായിരിക്കും.

തങ്ങൾ നിയമങ്ങൾ അച്ചിട്ടം അനുസരിക്കുന്നവരായതുകൊണ്ട്, നിയമലംഘകരെ ചോദ്യം ചെയ്യാനും തിരുത്താനും തങ്ങൾക്ക് അവകാശമുണ്ടെന്ന് ഒരു പക്ഷേ ഫരിസേയർ കരുതിയിട്ടുണ്ടാകും. എന്നാൽ കേവലം നിയമാനുഷ്ഠാനങ്ങൾ വഴി മാത്രമല്ല, സ്വന്തം ജീവിതം തന്നെ ബലിയർപ്പിച്ചുകൊണ്ടു പിതാവായ ദൈവത്തിന്റെ ഇഷ്ടം അനുസരിച്ചവനാണ് യേശു. ആ യേശുവിന്, പക്ഷേ, നിയമലംഘകരെന്നു മുദ്ര കുത്തപ്പെട്ടവരോടു കരുണ കാണിക്കാൻ യാതൊരു ബുദ്ധിമുട്ടുണ്ടായില്ല. ദൈവേഷ്ടത്തിനു ജീവിതം പൂർണമായി സമർപ്പിച്ചവർക്കാണ് ഓരോ പ്രത്യേക സാഹചര്യങ്ങളിലും ദൈവത്തിന്റെ മനസ്സറിയാനും അതിനനുസരിച്ചു കരുണയോടെ മറ്റുള്ളവരോടു പ്രതികരിക്കാനും സാധിക്കുകയുള്ളൂ.

സാബത്താചരണം ദൈവം കൊടുത്ത കല്പനയാണ്. അതിനെ ഈശോ നിരാകരിക്കുകയല്ല ചെയ്യുന്നത്. പ്രത്യുത, ദൈവപുത്രൻ എന്ന സ്വന്തം അധികാരം ഉപയോഗിച്ചു സാബത്തിന്റെ നിയമത്തിനുമേൽ കരുണയുടെ നിയമത്തിനു പ്രാമുഖ്യം നല്കുകയാണ് യേശു ചെയ്യുന്നത്.